

# മെത്രാപ്പോലീത്തായുടെ കത്ത്

(മേയ് - 2017)

കർത്താവിൽ പ്രിയരേ,

1980 മെയ് ദിനത്തിലാണ് സഭയുടെ പ്രശോഭിത ആത്മീയ ജ്യോതിസ്സായിരുന്ന കാലം ചെയ്ത ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി സഭയുടെ മേല്പട്ടത്വ സ്ഥാനത്തേക്കു നിയോഗിതനായത്. തിരുമേനിയെക്കുറിച്ചുള്ള ധന്യമായ സ്മരണകൾ നമ്മുടെയെല്ലാം മനസ്സുകളിൽ നിറയുന്ന ഒരു സന്ദർഭം കൂടിയാണിത്. ധന്യമായ തിരുമേനിയുടെ ജീവിതം സഭയിലും സഭൈക്യ പ്രസ്ഥാനങ്ങളിലും അവിസ്മരണീയമായ ശുശ്രൂഷകൾ നിർവ്വഹിച്ച ശേഷമാണ് കർത്തൃസന്നിധിയിലെ വിശ്രമത്തിനായി പ്രവേശിച്ചത്. അധ്യാപകനായി ശുശ്രൂഷ ആരംഭിച്ച തിരുമേനി സഭയിലൂടെ തനിക്ക് ലഭിച്ച ദൈവവിളി തിരിച്ചറിഞ്ഞ് കർത്താവിന്റെ നുകം ഏറ്റെടുത്ത് സഭാശുശ്രൂഷയിലേക്ക് പ്രവേശിക്കുകയും പ്രശസ്തമായ അനേകം ഇടവകകളിൽ പട്ടക്കാരനായി ശുശ്രൂഷ അനുഷ്ഠിച്ച ശേഷം സഭയുടെ മേല്പട്ടക്കാരനായി ഉയർത്തപ്പെടുകയും ചെയ്തു. പ്രശോഭിതമായ ശുശ്രൂഷകളിലൂടെ, ശ്രേഷ്ഠമായ ചിന്തകളിലൂടെ, ദർശനങ്ങളിലൂടെ, തിരുമേനിയിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം.

രാഷ്ട്രീയമായും സാമൂഹികമായും മാറ്റംമറിച്ചിലുകളുടെ ഒരു കാലഘട്ടമാണ് നാം പിന്നിട്ടത്. കേരളത്തിന്റെ രാഷ്ട്രീയ അന്തരീക്ഷവും ഇന്ത്യയുടെ തന്നെ രാഷ്ട്രീയ അന്തരീക്ഷവും പലവിധമായ സംഘർഷങ്ങളാലും സങ്കീർണ്ണമായിരുന്ന അവസ്ഥാവിശേഷം നിലവിലിരുന്നു. കേരളത്തിന്റെ പ്രക്ഷുബ്ധമായ രാഷ്ട്രീയ അന്തരീക്ഷത്തിൽ ധൈര്യത്തോടുകൂടി നിന്ന് സാരഥ്യം നിർവഹിക്കുന്നതായ കേരളാ മുഖ്യമന്ത്രിയേയും ഇന്ത്യയിലെ നിർണ്ണായകമായ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സ്വന്തം പാർട്ടിയെ വിജയത്തിലെത്തിക്കുകയും ചെയ്ത പ്രധാനമന്ത്രിയെയും വിവിധ സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരായി ചുമതല ഏറ്റെടുത്തവരെയും അഭിനന്ദിക്കുന്നു. ഭരണത്തിലെത്തുന്നവർക്ക്, എപ്പോഴായാലും എവിടെയായാലും തങ്ങൾക്കു ലഭിച്ചതായ ജനവിധിയുടെ മഹത്വം മനസ്സിലാക്കി, വന്ന വഴി മറക്കാതെ പാർട്ടി താല്പര്യങ്ങൾക്കുപരിയായി എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ഉറപ്പാക്കുന്ന ഭരണാധികാരികളായി തീരുന്നതിനുള്ള വിവേകവും വിനയവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

പ്രതീക്ഷിതമായിരുന്ന എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിന് സാധിച്ചില്ല എന്നുള്ളത് ദൈവഹിതമായി നാം കരുതേണ്ടതത്രെ. അതു സംബന്ധിച്ച ചുമതലകൾ മണ്ഡലം ഏല്പിച്ചതായ എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് വളരെ ഉത്തരവാദിത്വത്തോടും നിഷ്പക്ഷതയോടും കൂടി ഭരണഘടനയുടെ 19-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം നിർവ്വഹിക്കുകയുണ്ടായി. ആ ബോർഡ് യോഗം കൂടി ഏകാഭിപ്രായമായി നോമിനേഷൻ നടത്തിയതിനു ശേഷം ഒരു പേര് പോലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല. നിർദ്ദേശിതരുടെ പേരുകൾ വീണ്ടും സഭാ ജനങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. ബോർഡ് സമർപ്പിച്ച നാലു പേരെയും കുറിച്ച് സഭാജനങ്ങളെ അറിയിക്കുന്നതിനായി സഭാ കൗൺസിലിന്റെ നിയോഗപ്രകാരം കല്പന പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ ആരും ഒരു പരാതിയും നേരിട്ട് സമർപ്പിക്കുകയുണ്ടായില്ല. ഒരുമിച്ചിരുന്ന് തീരുമാനമെടുത്തതിന് ശേഷം ബോർഡ് അംഗങ്ങളിൽ നാലു പേർ ഒരേ കാരണത്താലല്ല, വിവിധ കാരണങ്ങളാൽ രണ്ടാഴചയ്ക്കുള്ളിൽ വിവിധ ഘട്ടങ്ങളിലായി രാജി സമർപ്പിക്കുകയുണ്ടായി. രാജി വെച്ചവരിൽ രണ്ടു പേർ, ഒരുമിച്ച് തീരുമാനമെടുത്ത ബോർഡ് യോഗത്തിനു ശേഷമുള്ള ഒരു യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ബോർഡിന്റെ കോറം ഭരണഘടനാപ്രകാരം പതിമൂന്ന് ആണെന്നുള്ളതും പ്രസ്താവ്യമത്രെ. ആയതിൻ പ്രകാരം രാജി വെച്ച ഒരു ബോർഡംഗം കോടതിയിൽ നല്കിയ താല്ക്കാലിക നിരോധന അപേക്ഷ (IA) പ്രസ് ചെയ്യുകയുണ്ടായില്ല. ഒരു മണ്ഡലാംഗം നല്കിയതായ കേസ് തുടരുകയും ചെയ്തു. സഭയുടെ ഭരണഘടന 19-ാം വകുപ്പിൻപ്രകാരം ചെയ്ത തീരുമാനങ്ങളെ കോടതി അംഗീകരിക്കുകയും രാജി വെച്ച അംഗങ്ങളുടെ ഒഴിവ് നികത്തി ബോർഡിന് തുടരാവുന്നതാണെന്ന് വിധി ഉണ്ടാകുകയും ചെയ്തു. ആ വിടവ് നികത്തുന്നതിന് പ്രായോഗികമായി വിഷമതകൾ ഉണ്ട്. കാരണം മണ്ഡലം തെരഞ്ഞെടുത്ത ഒരു ബോർഡിൽ ഉണ്ടായ ഒഴിവുകൾ നികത്തണമെങ്കിൽ ഒരു മണ്ഡല യോഗം കൂടാതെ സാധ്യമല്ല. ഇത്തരം പ്രത്യേക സാഹചര്യത്തിൽ എന്തു ചെയ്യണമെന്ന കാര്യം ഭരണഘടനയിൽ വ്യവസ്ഥ ചെയ്യാത്തതുകൊണ്ട് ഈ നിർദ്ദേശം നടപ്പിലാക്കുവാൻ മെത്രാപ്പോലീത്താ എന്ന നിലയിൽ നമുക്ക് സാധിക്കാതിരിക്കുന്നു. പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ പോയെങ്കിലും കീഴ്കോടതി വിധി അംഗീകരിച്ച സാഹചര്യത്തിൽ സഭയുടെ ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ യോഗം കൂടി സഭാമണ്ഡലത്തിന് നോട്ടീസ് നല്കിയതിൻ പ്രകാരമുള്ള സഭാമണ്ഡലയോഗങ്ങൾ മാറ്റിവയ്ക്കുകയത്രെ ചെയ്തത്. ഹൈക്കോടതിയിൽ അപ്പീൽ പോയിട്ടുള്ള വിവരം സഭാജനങ്ങളെ അറിയിക്കുന്നു. കീഴ്ക്കോടതി വിധിക്ക് ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്. കേസ് തുടരുന്നു. കോടതി തീരുമാനത്തിനു ശേഷം മാത്രമേ തുടർ നടപടികളെക്കുറിച്ച് ആലോചിക്കുകയുള്ളൂ. യാഥാർത്ഥ്യം ഇതായിരിക്കെ വസ്തു നിഷ്ഠമല്ലാത്ത പ്രചരണങ്ങൾ ചിലർ സംഘടിതമായും അസംഘടിതമായും നടത്തുന്നു എന്നത് ഖേദകരമായ ഒരു വസ്തുതയാണ്.

സത്യാവസ്ഥ മനസ്സിലാക്കുവാൻ ആവശ്യമായ വിവേകവും വിനയവും സഭാജനങ്ങൾക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരു അധ്യയന വർഷം അവസാനിച്ച് പുതിയൊരു അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുള്ള ഒരു കാലഘട്ടത്തിലൂടെയാണ് നമ്മുടെ വിദ്യാർത്ഥികൾ ഇപ്പോൾ കടന്നുപോകുന്നത്. പ്രത്യേകിച്ചും ഏത് കർമ്മമേഖല തെരഞ്ഞെടുക്കണമെന്നതിനെക്കുറിച്ച് യുവതീയുവാക്കൾ നിർണ്ണായകമായ തീരുമാനം എടുക്കേണ്ട ഒരു സന്ദർഭം കൂടിയാണിത്. ദൈവം തങ്ങൾക്കു നല്കിയിരിക്കുന്ന അഭിരുചികൾക്കനുസരിച്ച് പ്രാർത്ഥനാപൂർവ്വം ദൈവഹിതം അന്വേഷിച്ച് കർമ്മമേഖലകൾ തെരഞ്ഞെടുക്കുവാൻ നമ്മുടെ യുവതീയുവാക്കൾക്കു കഴിയണം. അതിനായി നമുക്കും പ്രാർത്ഥിക്കാം.

കോട്ടയം എം.റ്റി.സെമിനാരി ഹയർസെക്കണ്ടറി സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ. ജോൺസ് വർഗ്ഗീസ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുകയുണ്ടായി. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഗവൺമെന്റിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സേവനകാലയളവു പൂർത്തീകരിച്ച് ഔദ്യോഗിക സേവനത്തിൽ നിന്നും വിരമിക്കുന്ന നമ്മുടെ പ്രൈമറി സ്കൂളിലെയും ഹൈസ്കൂളിലെയും ഹയർ സെക്കണ്ടറി സ്കൂളിലെയും കോളേജുകളിലെയും അദ്ധ്യാപകരും അനദ്ധ്യാപകരും പ്രിൻസിപ്പൽമാരും സഭയുടെ സ്ഥാപനങ്ങളിൽ നിർവഹിച്ച ശ്രേഷ്ഠമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും സഭയുടെ നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്യുന്നു. തുടർന്നുള്ള ജീവിതം സഭയ്ക്കും സമൂഹത്തിനും അനുഗ്രഹപ്രദമായ രീതിയിൽ തുടർന്നും പ്രയോജനപ്പെടുത്തുന്നതിന് ഏവർക്കും ആശംസകൾ നേരുന്നു.

കേരളത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ രാഷ്ട്രീയ പ്രതിസന്ധിയെ തുടർന്ന് നമ്മുടെ സഭാംഗവും മുൻ സഭാ കൗൺസിലംഗവുമായ ശ്രീ. തോമസ് ചാണ്ടി ഗതാഗത വകുപ്പിന്റെ മന്ത്രിയായി ചുമതല ഏൽക്കേണ്ടതായ സാഹചര്യം വന്നു ചേർന്നു. ഇപ്പോൾ ലഭിച്ചതായ ഈ നിയോഗം കാര്യക്ഷമമായും ഉത്തരവാദിത്വപൂർവ്വവും മൂല്യാധിഷ്ഠിതമായും നിർവ്വഹിക്കുവാൻ ആവശ്യമായ കൃപ അദ്ദേഹത്തിന് ദൈവം നല്കട്ടെ എന്ന് ആശംസിക്കുന്നു. ഗതാഗത വകുപ്പിന്റെ ഇപ്പോഴത്തെ ദുരവസ്ഥയിൽ നിന്നും അതിനെ വിമോചിപ്പിച്ചെടുക്കുവാൻ തക്കവണ്ണം ശ്രേഷ്ഠമായ ഒരു ഭരണം കാഴ്ചവെയ്ക്കുവാൻ ഇടയാകട്ടെ എന്നും ആശംസിക്കുന്നു. കേരളാ മന്ത്രിസഭയിൽ ധിഷണാശക്തിയോടെയും മൂല്യാധിഷ്ഠിതമായും നമ്മുടെ സഭാംഗങ്ങളായ മന്ത്രിമാർ പ്രവർത്തിച്ചു വരുന്നതിൽ നമുക്ക് അഭിമാനിക്കാം.

നമ്മുടെ പട്ടക്കാരുടെ സ്ഥലം മാറ്റം മെയ് 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഇക്കഴിഞ്ഞ നാളുകളിൽ ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷകൾ നിർവ്വഹിച്ച് പുതിയ ഇടങ്ങളിലേക്ക് സ്ഥലം മാറിപ്പോകുന്ന ഏവർക്കും നിയോഗിക്കപ്പെട്ടിരിക്കുന്ന ഇടങ്ങളിൽ മഹനീയമായ ശുശ്രൂഷകൾ ദൈവകൃപയിൽ ആശ്രയിച്ച് നിർവ്വഹിക്കുവാനും ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ശ്രേഷ്ഠമായ രീതിയിൽ പങ്കാളികളാകുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

"സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല" എന്ന അപ്പൊസ്തലനായ വിശുദ്ധ പൗലോസിന്റെ അഭിമാന ബോധത്തോടും അവബോധത്തോടും കൂടി സുവിശേഷ സാക്ഷ്യം നിർവഹിക്കുവാൻ നമ്മുടെ എല്ലാ പട്ടക്കാർക്കും തങ്ങളുടെ സുവിശേഷ വേലയിലൂടെ ഇടയാകട്ടെ.

നമ്മുടെ പട്ടത്വശുശ്രൂഷയുടെ വജ്രജൂബിലിയോടനുബന്ധിച്ച് സഭാകൗൺസിലിന്റെ തീരുമാനപ്രകാരം നടന്ന ലഹരിവിമോചന ബോധവത്കരണ വാഹനപ്രചരണ ജാഥയുടെ ഭാഗമായി കേരളത്തിലെ 60 കേന്ദ്രങ്ങളിൽ ബോധവത്ക്കരണ പൊതുസമ്മേളനങ്ങൾ നടക്കുകയുണ്ടായി. സമാപന സമ്മേളനം തിരുവല്ലായിൽ വെച്ചാണ് നടന്നത്. സഭാകൗൺസിലംഗം ശ്രീ. അലക്സ് പി. ജോർജ് കൺവീനറായി ഈ വാഹനപ്രചരണ ജാഥയ്ക്ക് നേതൃത്വം നല്കി. ഒരു ലഹരിവിമുക്ത കേരളം എന്ന സുന്ദരസ്വപ്നം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ഈ വാഹന പ്രചരണ ജാഥയ്ക്ക് നേതൃത്വം നല്കിയവരെയും വിവിധ ഇടങ്ങളിൽ ജാഥയ്ക്ക് സ്വീകരണം നല്കിയവരെയും പൊതുസമ്മേളനങ്ങളിൽ പങ്കെടുത്ത് പിന്തുണ നല്കിയവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

വേദപുസ്തക പരിഭാഷ നിർവഹിക്കുന്നതിലും വേദപുസ്തകം പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിലും നമ്മുടെ സഭ ഉൾപ്പെടെയുള്ള നിരവധി സഭകളുടെ പിന്തുണയോടുകൂടി മഹത്തരമായ ശുശ്രൂഷ നിർവഹിക്കുന്ന വേദപുസ്തകസമൂഹമാണ് The Bible Society of India. എന്നാൽ അടുത്ത സമയത്ത് BIBLICA എന്ന പേരിൽ ഒരു ബൈബിൾ സൊസൈറ്റി രൂപപ്പെടുത്തിയ ഒരു വേദപുസ്തക പരിഭാഷ പുറത്തിറക്കുകയുണ്ടായി. ഇത് സഭയുടെ അംഗീകാരമില്ലാത്ത ഒരു പ്രസ്ഥാനമാണ് എന്ന വസ്തുത അറിയിച്ചുകൊള്ളട്ടെ. എബ്രായ ഭാഷയിൽ എഴുതപ്പെട്ട പഴയനിയമവും ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ട പുതിയനിയമവും അതിന്റെ മൂലരൂപത്തോടു അങ്ങേയറ്റം നീതി പുലർത്തിയാണ് നമ്മളിപ്പോൾ ഉപയോഗിക്കുന്ന വേദപുസ്തകം ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ളത്. അപ്പോക്രിഫാ പോലുള്ള ഗ്രന്ഥങ്ങൾ നമ്മുടെ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല. വ്യത്യസ്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി വേദപുസ്തകം പുറത്തിറക്കുന്ന പ്രവണതയെ ഒരിക്കലും പ്രോത്സാഹിപ്പിക്കുവാൻ പാടുള്ളതല്ല എന്ന് ഓർമ്മിപ്പിക്കട്ടെ. അത്തരത്തിലുള്ള പരിഭാഷകൾ ശരിയായ വിശ്വാസ ദർശനത്തിൽനിന്നു തന്നെ നമ്മെ അകറ്റിക്കളയും എന്ന അപകടവും നാം കാണാതിരിക്കുന്നത് ശരിയല്ല.

പ്രൊമ്യോൻ, സെദറ പ്രാർത്ഥനകളുടെ സമാഹാരമായ ഒരു പുസ്തകം നമ്മുടെ സഭയിലെ ആനിമേഷൻ ഡിപ്പാർട്ടുമെന്റ് അടുത്ത സമയത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. നമ്മുടെ പട്ടക്കാരും ജനങ്ങളും ഈ പുസ്തകം വാങ്ങി ഉപയോഗിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും. ഇതിന്റെ കോപ്പികൾ തിരുവല്ലായിലുള്ള മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോയിൽ ലഭ്യമാണ്.

മെയ് മാസത്തെ ധ്യാനങ്ങൾ ആരംഭിക്കുന്നത് 'ദൈവീക പദ്ധതിയിൽ മനുഷ്യപങ്കാളിത്തം' (മെയ് ദിനം) എന്ന ചിന്താവിഷയത്തോടുകൂടിയാണ്. ദൈവം ഈ ഭൂമിയിൽ പ്രവർത്തിക്കുന്നത് മനുഷ്യപങ്കാളിത്വത്തോടുകൂടി ഒരു ദൈവരാജ്യം കെട്ടുപണി ചെയ്യാനാണ്. ഉത്തരവാദിത്വത്തോടും മൂല്യബോധത്തോടും കൂടി ഈ പങ്കാളിത്തം നിർവഹിക്കുവാൻ മനുഷ്യന് കഴിയുമ്പോഴാണ് ദൈ

വഹിതം നിറവേറപ്പെടുന്ന ഒരു ദൈവരാജ്യം നമ്മുടെ ഇടയിൽ ഉയരുന്നത്. മെയ് 7-ാം തീയതി ഞായറാഴ്ച 'അനുദിനം ഉത്ഥിതനായ കർത്താവിനോടുകൂടെ' എന്ന ചിന്താവിഷയമാണ് സഭയായി പങ്കുവെയ്ക്കുന്നത്. യെരുശലേമിൽ നിന്നും എമ്മവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാരെക്കുറിച്ചാണ് വിശുദ്ധ ലൂക്കൊസ് 24:13-33 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്. യേശുവിന്റെ മരണം നടന്ന യെരുശലേം അവർക്കൊരു പേടിസ്വപ്നമായിരുന്നു. യെരുശലേമിൽ നിന്നും സ്വസ്ഥതയും സുരക്ഷിതത്വവും തേടിയാണ് തങ്ങളുടെ സ്വന്തം ഗ്രാമമായ എമ്മവൂസിലേക്ക് അവർ പോയത്. അവർ രണ്ടു പേരും ഭയചകിതരായിരുന്നു. അവർ രണ്ടു പേരും നിരാശയിലായിരുന്നു. എന്നാൽ അവരുടെ യാത്രയിൽ യേശു അവരോടു കൂടെ ചേർന്നു നടക്കുമ്പോൾ അവർ അവരുടെ ഭയവും നിരാശയും, കൂടെ നടക്കുന്നത് യേശുവാണെന്ന് അറിയാതെ തന്നെ ആ പുതിയ സഹയാത്രികനോടു മനസു തുറന്ന് പങ്കു വെച്ചു. എന്നാൽ യേശു അവർക്ക് മോശ തുടങ്ങി സകല പ്രവാചകരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് വ്യാഖ്യാനിച്ചു കൊടുത്തു. അവർ പോകുന്ന ഗ്രാമത്തോടടുത്തപ്പോൾ യേശു മുമ്പോട്ടു പോകുന്ന ഭാവം കാണിച്ചെങ്കിലും "ഞങ്ങളോടു കൂടെ പാർക്കുക" എന്നു പറഞ്ഞ് അവർ യേശുവിനെ ഭവനത്തിൽ സ്വീകരിച്ചു. അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ യേശു അപ്പമെടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്കു കൊടുത്തു. "ഉടനെ അവരുടെ കണ്ണു തുറന്നു അവർ അവനെ അറിഞ്ഞു" (വാക്യം 31). യേശു അപ്പമെടുത്ത് നുറുക്കിയപ്പോൾ യേശുവിന്റെ കരങ്ങളിലെ ആണിപ്പാടുകൾ അവർ നിശ്ചയമായും ദർശിച്ചു കാണും. യേശുവിന്റെ വേദ വ്യാഖ്യാനവും പ്രവചനങ്ങൾ തന്നിലൂടെ നിവൃത്തിയായതിന്റെ ആണിപ്പാടുകളും മനസിലാക്കാൻ കഴിഞ്ഞപ്പോഴാണ് അവർക്ക് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞത്. നമ്മുടെ ഓരോ ആരാധനയിലും വചനശുശ്രൂഷയ്ക്കു ശേഷമാണ് വിശുദ്ധ കുർബ്ബാന നടക്കുന്നത്. അതിലൂടെ വചനമായ ക്രിസ്തുവിനെയും നമുക്കായി നുറുക്കപ്പെട്ട വചനമായ ദൈവത്തെയും നാം തിരിച്ചറിയുകയാണ് ചെയ്യുന്നത്. ഈ തിരിച്ചറിവ് ലഭിച്ചവർക്ക് അടങ്ങിയിരിപ്പാൻ സാധിക്കുകയില്ല. ആ രണ്ടു ശിഷ്യന്മാർക്ക് അവരുടെ കണ്ണ് തുറക്കപ്പെട്ട് യേശുവിനെ അറിയുവാൻ ഇടയായ ശേഷം യേശു അവർക്ക് അപ്രത്യക്ഷനായി എന്നാണ് വായിക്കുന്നത്. എന്നാൽ ആ നാഴികയിൽ തന്നെ അവരുടെ പേടിസ്വപ്നമായ യെരുശലേമിലേക്ക് അവർ വർദ്ധിച്ച ആവേശത്തോടെയും ആഹ്ലാദത്തോടെയും ഉയർപ്പിന്റെ സന്ദേശം പങ്കു വയ്ക്കാനായി മടങ്ങിപ്പോരുകയാണ് ചെയ്തത്. ഇതു നമുക്കും വലിയ പാഠമാകണം. നമ്മുടെ ആരാധനകൾ നമ്മെ ഉയിർപ്പിന്റെ സാക്ഷികളാക്കി മാറ്റുവാനുള്ള സഭയുടെ ക്രമീകരണമാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ നാം അനുഭവിച്ചറിഞ്ഞ ശേഷം നാം അത് ആരുമായും പങ്കുവെയ്ക്കുന്നില്ല എങ്കിൽ അത് നമ്മുടെ ഭാഗത്തുവരുന്ന വലിയ ഒരു വീഴ്ചയായിരിക്കും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. മെയ് 14-ാം തീയതി ഞായറാഴ്ച 'വഴിയും സത്യവും ജീവനുമായ ക്രിസ്തു' എന്ന ചിന്തയുമായി ബന്ധപ്പെട്ടാണ് നാം ധ്യാനിക്കുന്നത്. യോഹന്നാന്റെ സുവിശേഷം 14:1-7 വരെയുള്ള വാക്യങ്ങളാണ് അന്നത്തെ ധ്യാനഭാഗം. "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു" എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറയുമ്പോൾ എപ്പോഴും ജിജ്ഞാസയോടു കൂടി സംസാരിക്കുന്ന തോമസ് അപ്പൊസ്തോലൻ "കർത്താവേ, നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും?" എന്ന് ചോദിക്കുമ്പോൾ യേശു നല്കുന്ന സുപ്രധാനമായ വെളിപ്പാടാണ് "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്ന പ്രഖ്യാപനം. ഓരോ വിശ്വാസിയും ഈ ഒരു വിശ്വാസനിശ്ചയത്തിലേക്ക് വരേണ്ടതായിട്ടുണ്ട്. സുവിശേഷം ഘോഷിക്കുക എന്നാൽ ക്രിസ്തുവിനെ പരിചയപ്പെടുത്തുക എന്നാണർത്ഥം എന്ന് മെയ് 21 ഞായറാഴ്ച നാം ചിന്തിക്കുന്നു. ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനാകുന്ന ഒരു സന്ദർഭമാണ് നാം അവിടെ വായിക്കുന്നത്. കർത്താവിന്റെ സാക്ഷികൾ ആകുവാനുള്ള നിയോഗം യേശു അവർക്ക് നല്കുന്നു. ദൈവത്തിന്റെ മനുഷ്യ മുഖം ക്രിസ്തുവിലൂടെ വെളിപ്പെട്ടതുപോലെ നമ്മിലൂടെ ക്രിസ്തുവിന്റെ മുഖം ലോകം ദർശിക്കുമ്പോഴാണ് നാം ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളായിത്തീരുന്നത്. മെയ് 28-ാം തീയതി ഞായറാഴ്ച ദിവ്യസംഗീത ഞായറായി നാം ആചരിക്കുന്നു. സഭയുടെ സംഗീതവിഭാഗമായ DSMC യുടെ അനുഗൃഹീതമായ ശുശ്രൂഷകളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. മാരാമൺ കൺവൻഷൻ ഗാനശുശ്രൂഷയിലും പള്ളികളിലെ ആരാധനാമദ്ധ്യേയുള്ള സംഗീതശുശ്രൂഷയിലും DSMC യുടെ പ്രത്യക്ഷമായും പരോക്ഷമായുമുള്ള നേതൃത്വത്തിനായും പിന്തുണയ്ക്കായും നമുക്ക് സ്തോത്രം കരേറ്റാം. നമ്മുടെ ജീവിതം തന്നെ സുന്ദരമായ ഒരു ആരാധനാ സംഗീതമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. ഈ ഞായറാഴ്ച പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തത്തെക്കുറിച്ച് നാം ചിന്തിക്കുന്നു. പരിശുദ്ധാത്മ ശക്തിയാൽ മാത്രമേ നമുക്ക് ക്രിസ്തുവിന്റെ സാക്ഷികളായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. പെന്തക്കോസ്തു നാളിൽ സഭയ്ക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ലഭിച്ചപ്പോഴാണ് സഭ ഒരു അജയ്യ ചൈതന്യമായിത്തീർന്നത്. ഇന്നും ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ നാം നിറയപ്പെടുമ്പോൾ ഉയർപ്പിന്റെ ചൈതന്യം നമ്മിലൂടെയും ചുറ്റുപാടുകളിലേക്ക് പ്രസരിക്കപ്പെടും. ഈ സാക്ഷ്യത്തിന്റെ വെളിച്ചം അന്ധകാരം നിറയുന്ന ലോകത്തിന് വെളിച്ചത്തിലേക്കുള്ള ഒരു പ്രവേശനമൊരുക്കും.

"ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ചു നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന് ആ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കൊ. 1:78,79).

***"ഈശോ തന്റെ ഉഷഃപ്പാൽ ലോകേ വെളിവരുളിയോനെ നിന്റെ ഉഷഃപ്പാൽ എന്റെ ഉള്ളിൽ വെളിവരുളണമെ ഭാഗ്യമേറിയ വയറ്റിൽ പൊറുത്ത ബാവായിൻ കതിരേ എന്റെ ഉള്ളിൽ വെളിവു തന്നെന്റെ പിഴ ഒഴിക്കണമെ"***

വിശുദ്ധ കുർബ്ബാനയിൽ അപ്പവീഞ്ഞുകൾ നൽകുമ്പോൾ ചൊല്ലുന്ന ഈ പ്രാർത്ഥന നമ്മുടെ നിരന്തരമായ പ്രാർത്ഥനയും അനുദിന ജീവിതാനുഭവവുമായിത്തീരട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
24-04-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**